# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5993 — 10.07.2012 ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ മാറ്റം

**ചോദ്യം**

ശ്രീ. സി. കെ. സദാശിവൻ
,, കെ. ദാസൻ
,, കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)**

**എ)** ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ സംസ്ഥാനസർക്കാർ നിർദ്ദേശിച്ച മാറ്റങ്ങളിൽ കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചതിൽ തുടർ നടപടികൾ സ്വീകരിക്കപ്പെട്ടവ ഏതൊക്കെയാണ് ;

**എ)** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ച മാറ്റങ്ങളിൽ കേന്ദ്ര സർക്കാർ പരിഗണിച്ച പുതിയ പ്രവർത്തികൾ സംസ്ഥാനത്ത് ഏറ്റെടുക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറായി വരുന്നു.

**ബി)** ഇപ്പോഴും കേന്ദ്രത്തിന്റെ പരിഗണനയിലുള്ളതായി സർക്കാർ കരുതുന്നവ എന്തൊക്കെയാണ് ;

**ബി)** (i) സമയക്രമത്തിലുള്ള മാറ്റം
(ii) വേതന വർദ്ധന
(iii) വിവിധ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത്

**സി)** ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേഖലയിൽ നിന്നു എന്തെല്ലാം നിർദ്ദേശങ്ങളായിരുന്നു ഗ്രാമവികസന വകുപ്പിന് ലഭിച്ചിരുന്നത്; ഇവയെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ ?

**സി)** ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1. അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം 200/- രൂപയായി ഉയർത്തുക
2. ജോലി സമയം കുറയ്ക്കുക
3. താഴെപറയുന്ന മേഖലകളിലെ പ്രവൃത്തികൾ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1-ൽ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
   i. ദരിദ്ര വിഭാഗങ്ങളുടെ ഭവന നിർമ്മാണവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും

ii. പൊതു ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും
iii. തീരപ്രദേശ സംരക്ഷണത്തിന് അനുയോജ്യമായ പ്രവൃത്തികൾ
iv. മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ
v. കാർഷിക പ്രവൃത്തികൾ
vi. വനാവകാശ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണ പ്രവൃത്തികൾ
vii. സേവന മേഖലയിലെ തൊഴിലുകൾ (വനിതകൾക്ക് മാത്രം)
viii. ക്ഷീര /കയർ മേഖലകളിലെ പ്രവൃത്തികൾ

**സെക്ഷൻ ഓഫീസർ**